**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1405** **01-02-2024 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഉമ തോമസ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികൾക്ക് നിലവാരമില്ല എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ പരസ്യപ്രസ്താവന നടത്തിയതായുള്ള ആരോപണത്തെ സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | 2024 ലെ എസ്.എസ്.എൽ.സി. പരീക്ഷയുടെ ചോദ്യപേപ്പർ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർ അധ്യക്ഷനായി നടന്ന രഹസ്യ സ്വഭാവമുള്ള യോഗത്തിൽ, അധ്യാപകരുടെ മുമ്പാകെ ചർച്ചയ്ക്കായി പറഞ്ഞ അഭിപ്രായം മാത്രമാണ് ചോദ്യത്തിൽ പരാമർശിച്ചിട്ടുള്ളത്. വ്യക്തിപരമായോ, വകുപ്പിന്റെയോ, സർക്കാരിന്റെയോ നയമെന്ന നിലയിലോ ഒരു പരാമർശവും ഈ വിഷയത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ പരസ്യമായി നടത്തിയിട്ടില്ല. |
| (ബി) | എങ്കിൽ പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനായി എന്തൊക്കെ തുടർനടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | കഴിഞ്ഞ ഏഴ് വർഷക്കാലമായി പൊതുവിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് നിരവധി പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്. അതിന്റെ ഭാഗമായി എല്ലാ പൊതുവിദ്യാലയങ്ങളിലും മികച്ച ഭൗതിക അക്കാദമിക സൗകര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. സ്മാർട്ട് ക്ലാസ് റൂമുകൾ, ടാലന്റ് ലാബ്, സർഗ്ഗ വിദ്യാലയ തുടങ്ങിയ സംവിധാനങ്ങളും നടപ്പിലാക്കിയിട്ടുണ്ട്. പ്രൈമറി തലം മുതൽ തന്നെ മാതൃഭാഷ, ഇംഗ്ലീഷ് ഭാഷ തുടങ്ങിയവയിൽ മികവ് ഉണ്ടാക്കുന്നതിന് നിരവധി പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. സമഗ്ര ശിക്ഷാ കേരളയുടെ നേതൃത്വത്തിൽ വായനാച്ചങ്ങാത്തം, ഉല്ലാസ ഗണിതം, ഗണിതോത്സവം, കുഞ്ഞുവായന, ഗണിതപാർക്ക്, ഹലോ ഇംഗ്ലീഷ്, ഹലോ വേൾഡ്, സുരിലി ഹിന്ദി തുടങ്ങി നിരവധി പ്രവർത്തനങ്ങൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ